# അക്കാദമിക മാസ്റ്റർ പ്ലാൻ

# എരവന്നൂർ എ എം എൽ പി സ്കൂൾ

## ആമുഖം

കോഴിക്കോട് റവന്യൂ ജില്ലയിൽ കൊടുവള്ളി സബ്ജില്ലയിലെ മടവൂർ പഞ്ചായത്തിൽ മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ലോവർ പ്രൈമറി വിദ്യാലയമാണ് എരവെന്നൂർ എ.എം.എൽ. പി സ്കൂൾ ഒരു പ്രദേശത്തിന്റെ വൈജ്ഞാനിക വൈജ്ഞാനികേതര മേഖലകളിൽ ശ്രദ്ധയൂന്നി ഒരു ഉത്തമ സമൂഹ നിർമിതി എന്ന ഉദാത്തമായ ലക്ഷ്യ സാക്ഷാത്കാരത്തിനായി കഴിഞ്ഞ 8 പതിറ്റാണ്ടിലേറെ കാലം ഒരു വിളക്കുമാടം കണക്കെ നിറഞ്ഞു നിൽക്കുന്ന വിദ്യാ ഗോപുരമാണ് ഗ്രാമീണർ നെഞ്ചേറ്റിയ എരവന്നൂർ എ.എം.എൽ. പി സ്കൂൾ ഒരു ഓത്തു പള്ളിക്കൂടമായി ആരംഭിച്ച കലാലയം 1932 ലാണ് ഒരു അംഗീകൃത വിദ്യാലയമായി മാറുന്നത്, പ്രഥമ മാനേജറായിരുന്ന തയ്യിൽ മായിൻ മുസ്ലിയാർ കലാലയത്തിന്റെ ദ്രുത ഗതിയിലുള്ള ഗതകാല വളർച്ചക്ക് കൈത്താങ്ങായവരും കയ്യൊപ്പ് വെച്ച വരും നിരവധിയാണ്. പാഠ്യ പാഠ്യാനുബന്ധ രംഗത്ത് വിദ്യാലയം നിലനിർത്തുന്ന മികവ് മാതൃകാപരമാണ്.

2025-26 വർഷത്തിൽ 11 അദ്ധ്യാപകരും 194 കുട്ടികളും ഉണ്ട് ഈ അക്ഷര ഗോപുരത്തിന്റെ തിരിനാളമുയർത്തിയ മഹാമനീഷി മർഹും മായിൻ മുസ്‌ലിയാർ മുതൽ മൺമറഞ്ഞു പോയവർ എന്നാൽ സ്ഥാപനത്തിന് താങ്ങും തണലുമായി വർത്തിച്ചിരുന്ന എല്ലാ മഹത്തുക്കളെയും സ്മരിച്ച കൊണ്ട് ഒരു വിദ്യാലയ വികസന പദ്ധതിക്ക് തുടക്കമാവുകയാണ് എല്ലാ കുട്ടികൾക്കും നൂതനമായ ശിശുസൗഹൃദ ഇരിപ്പിടങ്ങൾഒരുക്കുക,ചുറ്റുമതിൽ,സ്വന്തമായികളിസ്ഥലം,സൗകര്യങ്ങളോടെയുള്ള ഭക്ഷണഹാൾ തുടങ്ങിയവ ഞങ്ങളുടെ സ്വപ്ന പദ്ധതികളാണ്. ഇവ സാക്ഷാത്കരിക്കാൻ സർക്കാറിന്റെയും സ്കൂൾ മാനേജ്മെന്റിന്റെയും പി.ടി.എയുടെയും ശക്തമായ പിന്തുണയും സഹകരണവും സാമ്പത്തിക സഹായവും ലഭിക്കേണ്ടതുണ്ട്. അടുത്ത വർഷങ്ങളിൽ ഇവ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.


എ.എം.എൽ.പി സ്കൂൾ



# 2025-26

## പൊതുലക്ഷ്യങ്ങൾ

**1.** മികച്ച അക്കാദമിക- അക്കാദമികേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന വിദ്യാലയം ആകുന്നതിലൂടെ പ്രദേശത്തെ മുഴുവൻ കുട്ടികളെയും വിദ്യാലയത്തിൽ എത്തിക്കുക.

**2.** പ്രവർത്തനാധിഷ്ഠിത പ്രവർത്തനത്തിലൂടെ പിന്തുണ അർഹിക്കുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുക.

**3.** പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പിന്തുണ നൽകൽ.

**4.** പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ പരിസരബന്ധിതവും പ്രവർത്തന അധിഷ്ഠിതവുമാക്കൽ.

**5.** വിവിധ ക്ലാസുകളിലെ നിലവാരത്തിനനുസരിച്ച് ഏറ്റവും ഉയർന്ന നിലവാരത്തിൽ മാതൃഭാഷയിൽ ആശയവിനിമയം നടത്തുന്നതിനും വിവിധ വ്യവഹാര രൂപങ്ങൾ ഉപയോഗിക്കുന്നത് കുട്ടിയെ പ്രാപ്തമാക്കൽ.

**6.** ഇംഗ്ലീഷ് ഭാഷയിൽ അനായാസ ആശയവിനിമയം നടത്തുന്നതിനും വിവിധ ഡിസ്കോസ് ഒരു ക്ലാസ്സിന്റെയും ഉയർന്ന നിലവാരത്തിൽ ഉപയോഗിക്കുന്നതിനുള്ള കഴിവുണ്ടാക്കൽ.

**7.** ശാസ്ത്ര പഠനത്തിലൂടെ ആർജിക്കേണ്ട പ്രക്രിയ ശേഷികളും ശാസ്ത്രബോധം ആർജിക്കാൻ കുട്ടിയെ പ്രാപ്തമാക്കൽ, പുതിയ കണ്ടെത്തലുകൾക്ക് കുട്ടിയെപ്രാപ്തനാക്കൽ.

**8.** ചുറ്റുപാടിനെ നിരീക്ഷിക്കാനും, സമൂഹത്തെ വിലയിരുത്താനും, പ്രാപ്തനാക്കുന്ന വിധത്തിൽ ഓരോ കുട്ടിയേയും സാമൂഹ്യബോധമുള്ളവനാക്കുക.

**9.** അനുഭവം, ചിത്രങ്ങൾ, ഭാഷ, എന്നീ ക്രമത്തിൽ ഗണിത ആശയങ്ങൾ മനസ്സിലാക്കാനും ഏറ്റവും ഉയർന്ന നിലവാരത്തിൽ ഗണിതശേഷികൾ ആവർത്തിച്ച്

നിത്യജീവിത സന്ദർഭങ്ങളിൽ ഗണിത ആശയങ്ങൾ

പ്രശ്നപരിഹരണത്തിനായിഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.

10. കളികൾ ചിട്ടയായ പരിശീലനം (സുംബയോഗം ) എന്നിവരുടെ ഉയർന്ന ആത്മാഭിമാനവും കായിക ശേഷിയും ഉള്ളവരെ വളർത്തിയെടുക്കൽ.

11. ശാരീരിക മാനസിക ആരോഗ്യമുള്ള കുട്ടികളായി ഒരോ കുട്ടികളെയും വളർത്തിയെടുക്കൽ.

12.കുട്ടികളുടെ സർഗാത്മക പ്രയോജനപ്പെടുത്തി നിർമ്മാണ പ്രവർത്തന നൈപുണികൾ വളർത്തിയെടുക്കാൻ കലാപഠനത്തിന്റെ അടിസ്ഥാനശേഷികൾ നേടാൻ അവസരം നൽകുന്നു.

13. കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക, കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക, സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക.

ഭാഷാ വികാസം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പ് വരുത്തുക.

3. മികച്ച വായനശീലം വളർത്തുക.

4. സർഗ്ഗാത്മക രചനക്ക് അവസരം നൽകുക.

ഇംഗ്ലീഷ്

1. **To speak,Read and write english without any mistake.**
2. **Develop creative speaking and writing.**
3. **To express thoughts and feelings.**
4. **To improve Presention Power.**

പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം,ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്ര അവബോധം വളർത്തുന്നതിനുള്ള അനുഭവങ്ങൾ ഒരുക്കുക.

സാമൂഹികാവബോധം

1.ദിനാചരണങ്ങൾ,ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ

ഗണിതം

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും നേടിയെടുക്കേണ്ട ഗണിത ശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

4. ഗണിത ചിന്ത, യുക്തിചിന്ത എന്നിവ വളർത്തുക.

ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗിക്കുക.

2. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കംപ്യൂട്ടർ ഉപയോഗിക്കാൻ സാഹചര്യം ഒരുക്കുക.

പ്രവൃത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2. പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

കലാ പരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.

2. ആധുനിക സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യ ശീലങ്ങൾ വളർത്തുക.

വിദ്യാലയം മാലിന്യമുക്തമാക്കുക.

## അറബിക്

1 എല്ലാ കുട്ടികളെയും ആശയം ഉൾക്കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തനാക്കുക.

2.പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക.

3.വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

## അക്കാദമിക കാഴ്ചപ്പാട്

എല്ലാവരും മികവിന്റെ നിറകുടങ്ങളാവണം പഠന വൈകല്യവും പഠന പിന്നോക്കാവസ്ഥയും നേരിടുന്നവരെ കണ്ടെത്തി ശരാശരി നിലവാരത്തിലെത്തിക്കാനുള്ള പരിഹാര ബോധന രീതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്.

ശരാശരി നിലവാരത്തിലുള്ളവരെ ഉന്നത നിലവാരത്തിലെത്തിക്കുന്നതിനും, ഉന്നത നിലവാരം പുലർത്തുന്ന ടാലന്റഡ് ആയിട്ടുള്ള കുട്ടികളെ തുടക്കം മുതൽ തന്നെ പ്രത്യേക പരിശീലനങ്ങളും മാർഗനിർദ്ദേശങ്ങളും നൽകുകയും, അധ്യാപകരുടെ നിരന്തരമായ മേൽനോട്ടത്തിൽ അവരുടെ അഭിരുചി മേഖലയും പ്രാവീണ്യതയും കണ്ടെത്തുക വഴി ഗഹനമായ പരിശീലനവും നൽകുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായാണ് കഴിഞ്ഞ വർഷങ്ങളിൽ തുടർച്ചയായി എൽ.എസ്.എസ് രംഗത്ത് വിജയത്തിളക്കമുണ്ടാക്കാൻ കഴിഞ്ഞതും പഞ്ചായത്ത്, ബി.ആർ.സി, ഉപജില്ലാ, റവന്യൂ ജില്ല തലങ്ങളിൽ ശാസ്ത്ര-ഗണിത ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും, വിവിധ സർക്കാർ-സ്വകാര്യഏജൻസികളും സ്ഥാപനങ്ങളും നേതൃത്വം നൽകുന്ന ക്വിസ് മത്സരങ്ങളിലും മറ്റും അദ്വിതീയമായ സ്ഥാനങ്ങൾ അലങ്കരിക്കാൻ കഴിയുന്നത്.

ഭൗതിക നേട്ടങ്ങൾ

**1.**സമ്പൂർണ **digitalized class rooms**

**2.**മികച്ച പ്രീ പ്രൈമറി സെക്ഷൻ

**3.**ഓപ്പൺ സ്റ്റേജ്

## ശിശു സൗഹൃദ ക്ലാസ് മുറികൾ

കുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യത്തിനുതകും വിധമുള്ള ക്ലാസ് റൂം സൗകര്യങ്ങൾ തൃപതികരമായ ഇരിപ്പിടങ്ങളും ഫർണിച്ചറുകളും ആവശ്യമായ സാങ്കേതിക സൗകര്യങ്ങളും ലഭ്യമാക്കുക എന്നതും ഈ പ്രവർത്തന രേഖയുടെ ലക്ഷ്യമാണ്

സ്ഥാപന ഗുണകാംക്ഷികളുമായി സംവദിച്ചതിനാൽ തന്നെ പൂർവ്വ വിദ്യാർത്ഥിയായ റാഫി സ്മാർട്ട് ക്ലാസ് റൂം പദ്ധതി ക്ക് വേണ്ടി എല്ലാ ക്ലാസ്സിലേക്കും സ്മാർട്ട് TV സ്പോൺസർ ചെയ്തിരിക്കയാണ്. വിവിധ സർക്കാർ ഏജൻസികളുടെയും, സംവിധാനങ്ങളുടെയും സഹായത്തോടെ 3 പ്രൊജക്ടറും, രണ്ട് പ്രിന്ററും,5 ലാപ്ടോപ്പുകളും ഇൻറർനെറ്റ് സൗകര്യവും ഉൾപ്പെടുത്തുന്നതിന് ഇതിനകം തന്നെ സാധ്യമായിട്ടുണ്ട്.

## ലൈബ്രറി (റീഡിംഗ് & റഫറൻസ്)

കരുത്തുറ്റ ലൈബ്രറി സംവിധാനം സ്ഥാപനത്തിന് അനിവാര്യമാണ്. കുട്ടികളുടെ വായനക്കൊപ്പം തന്നെ അമ്മവായനയും, സ്കൂൾ ലൈബ്രറിയിലൂടെ നടക്കേണ്ടതുണ്ട്.പൂർവ്വ വിദ്യാർത്ഥിയായ തൗഫിറ മറിയം സ്കൂൾ ലൈബ്രറി പദ്ധതിക്ക് വേണ്ടി ഒരു ഷെൽഫ് സ്പോൺസർ ചെയ്തിരിക്കയാണ്.സ്കൂളിലെ

വിദ്യാർത്ഥികൾക്കെന്ന പോലെ പൂർവ്വ വിദ്യാർത്ഥികൾക്കും ഇതിന്റെ പ്രയോജനം ഉണ്ടാകത്തക്ക രീതിയിൽ

ഒരു പൊതു റഫറൻസ് ആന്റ് ലീഡിംഗ് ലൈബ്രറി എന്ന തലത്തിലേക്ക് സ്കൂൾ ലൈബ്രറി ഉയരേണ്ടതുണ്ട്

ഇതിന്റെ സംഘാടനം പൂർണമായും അഭ്യസ്തവിദ്യരായ മാതൃ സമിതി അംഗങ്ങൾക്ക് നിർവ്വഹിക്കാവുന്നതുമാണ് പൊതുജന സാമൂഹിക പങ്കാളിത്തമാണ് ഇത്തരം ഒരു സംവിധാനത്തിന് പ്രഥമവും പ്രാധാന്യവുമായി ഉണ്ടായിരിക്കേണ്ടതാണ്. മറ്റ് സർക്കാർ-സർക്കാതിര ഏജൻസികളുടെ സഹായവും ഇതിനു വേണ്ടി സംഘടിപ്പിക്കാവുന്നതാണ്.സുസ്ഥിരമായ സാമൂഹിക പങ്കാളിത്തം

കുറ്റമറ്റ വിദ്യാലയ വികസനത്തിന് സാമൂഹിക പങ്കാളിത്തം അത്യന്താപേക്ഷിതമാണ് എന്നത് പോലെ തന്നെ സാമൂഹിക വളർച്ചക്കും സാമൂഹിക വികസനത്തിനും വിദ്യാലയത്തിന്റെ പങ്കും നിസ്തുലമാണ്. അത്തരത്തിലുള്ള ഒരു ഇഴപിരിയാത്ത ദന്ധമാണ്. ഇതിലൂടെ ലക്ഷ്യമിടുന്നത്.

എസ്.എസ്.ജി. മാതൃസമിതി, പി.ടി.എ. പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ, പ്രവാസി കൂട്ടായ്മ. പ്രാദേശിക-സന്നദ്ധ സംഘങ്ങളും, സമിതികളും ഇതിൽ ഉൾപ്പെടുന്നു.

## സുസ്ഥിരമായ സാമൂഹിക പങ്കാളിത്തം സ്കൂൾ സപ്പോർട്ടിംഗ് സംവിധാനം (SSG)

വിദ്യാലയത്തിൻറെ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങൾക്ക് എസ് എസ്.ജിയുടെ പിന്തുണ ഒഴിച്ച് നിർത്താനാവാത്തതാണ് നിലവിൽ ഇ.പി അബ്ദുറഹിമാൻ ഹാജി ചെയർമാനായ ഒരു സമിതി ലക്ഷ്യ സാക്ഷാൽക്കാരത്തിനായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു.

## മാതൃസമിതിയും വനിതാ കൂട്ടായ്മയും

പി.ടി.എ ക്കൊപ്പം തന്നെ മാതൃസമിതിയുടെ പിന്തുണയും കൈത്താങ്ങും കലാലയത്തിന്റെ പ്രവർത്തനത്തിന് ആക്കം കൂട്ടുന്നു. മാതൃസമിതിയുടെ അംഗങ്ങളുടെ സഹകരണവും നിസ്തുലമാണ് സ്കൂൾ വാർഷികമുൾപ്പെടെയുള്ള പരിപാടികളിൽ സംഘാടനത്തിലും നേതൃത്വപരമായ പങ്കാളിത്തത്തിലും മാതൃസമിതി കരുത്ത് തെളിയിക്കാറുണ്ട്.

## പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ

ഗ്രാമീണരിലെ വലിയൊരു പങ്കും നമ്മുടെ കലാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ബഹുതല സമ്പന്നരായ പൂർവ്വ വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിന്റെ നേതൃത്വപരമായ മുഖ്യധാരയിലേക്ക് ഒരു വാതായനം തുറക്കുന്നതിനാണ് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ ശാക്തീകരിക്കുന്നത്.

ഇന്നത്തെ ഈ മഹാ സംഗമത്തിലൂടെ അത്തരത്തിലുള്ള ഒരു പ്രതീക്ഷ വിരിയുകയാണ്. ഒപ്പം, ദാരിദ്ര്യത്തിന്റെയും, നിരക്ഷരതയുടെയും ഇടയിൽ നീറിപ്പുകഞ്ഞ ഒരു കാലത്ത് സ്വാതന്ത്ര്യ സമര പരീക്ഷണങ്ങൾക്കും ദുരിതങ്ങൾക്കും സാക്ഷിയായി കലാലയത്തിലെത്തി അക്ഷരം നുണഞ്ഞ് ശക്തിയാർജ്ജിച്ച ധീരരെ ആദരിക്കുക കൂടിയാണ് നമ്മൾ ഇത്തരുണത്തിൽ ഈ നിറഞ്ഞ സദസ്സിന് മുമ്പാകെ ചെയ്യുന്നത്.

തലമുറ സംഗമത്തിന്റെ ഈ അനുഭവ സാക്ഷ്യത്തിനൊപ്പം നമ്മൾ രൂപീകരിക്കുന്ന പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മക്ക് കലാലയ ഗതിയിൽ തങ്കലിപികളുടെ പൊൻതൂവൽ ചാർത്താൻ കഴിയുമെന്നതിൽ തർക്കമില്ല.

## സുസ്ഥിരമായ സാമൂഹിക പങ്കാളിത്തം

കുറ്റമറ്റ വിദ്യാലയ വികസനത്തിന് സാമൂഹിക പങ്കാളിത്തം അത്യന്താപേക്ഷിതമാണ് എന്നത് പോലെ തന്നെ സാമൂഹിക വളർച്ചക്കും സാമൂഹിക വികസനത്തിനും

വിദ്യാലയത്തിന്റെ പങ്കം നിസ്തുലമാണ്. അത്തരത്തിലുള്ള ഒരു ഇഴപിരിയാത്ത ദന്ധമാണ്. ഇതിലൂടെ ലക്ഷ്യമിടുന്നത്.

എസ്.എസ്.ജി. മാതൃസമിതി, പി.ടി.എ. പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ, പ്രവാസി കൂട്ടായ്മ. പ്രാദേശിക-സന്നദ്ധ സംഘങ്ങളും, സമിതികളും ഇതിൽ ഉൾപ്പെടുന്നു.

## സുസ്ഥിരമായ സാമൂഹിക പങ്കാളിത്തം സ്കൂൾ സപ്പോർട്ടിംഗ് സംവിധാനം (SSG)

വിദ്യാലയത്തിൻറെ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങൾക്ക് എസ് എസ്.ജിയുടെ പിന്തുണ ഒഴിച്ച് നിർത്താനാവാത്തതാണ് നിലവിൽ ഇ.പി അബ്ദുറഹിമാൻ ഹാജി ചെയർമാനായ ഒരു സമിതി ലക്ഷ്യ സാക്ഷാൽക്കാരത്തിനായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു.

## മാതൃസമിതിയും വനിതാ കൂട്ടായ്മയും

പി.ടി.എ ക്കൊപ്പം തന്നെ മാതൃസമിതിയുടെ പിന്തുണയും കൈത്താങ്ങും കലാലയത്തിന്റെ പ്രവർത്തനത്തിന് ആക്കം കൂട്ടുന്നു. മാതൃസമിതിയുടെ അംഗങ്ങളുടെ സഹകരണവും നിസ്തുലമാണ് സ്കൂൾ വാർഷികമുൾപ്പെടെയുള്ള പരിപാടികളിൽ സംഘാടനത്തിലും നേതൃത്വപരമായ പങ്കാളിത്തത്തിലും മാതൃസമിതി കരുത്ത് തെളിയിക്കാറുണ്ട്.

## പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ

ഗ്രാമീണരിലെ വലിയൊരു പങ്കം നമ്മുടെ കലാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ബഹുതല സമ്പന്നരായ പൂർവ്വ വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിന്റെ നേതൃത്വപരമായ മുഖ്യധാരയിലേക്ക് ഒരു വാതായനം തുറക്കുന്നതിനാണ് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ ശാക്തീകരിക്കുന്നത്.

ഇന്നത്തെ ഈ മഹാസംഗമത്തിലൂടെ അത്തരത്തിലുള്ള ഒരു പ്രതീക്ഷ വിരിയുകയാണ്. ഒപ്പം, ദാരിദ്ര്യത്തിന്റെയും, നിരക്ഷരതയുടെയും ഇടയിൽ നീറിപ്പുകഞ്ഞ ഒരു കാലത്ത് സ്വാതന്ത്ര്യ സമര പരീക്ഷണങ്ങൾക്കും ദുരിതങ്ങൾക്കും സാക്ഷിയായി കലാലയത്തിലെത്തി അക്ഷരം നുണഞ്ഞ് ശക്തിയാർജ്ജിച്ച ധീരരെ ആദരിക്കുക കൂടിയാണ് നമ്മൾ ഇത്തരുണത്തിൽ ഈ നിറഞ്ഞ സദസ്സിന് മുമ്പാകെ ചെയ്യുന്നത്.

തലമുറ സംഗമത്തിന്റെ ഈ അനുഭവ സാക്ഷ്യത്തിനൊപ്പം നമ്മൾ രൂപീകരിക്കുന്ന പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മക്ക് കലാലയ ഗതിയിൽ തങ്കലിപികളുടെ പൊൻതൂവൽ ചാർത്താൻ കഴിയുമെന്നതിൽ തർക്കമില്ല.

## ക്ലബ് പ്രവർത്തനങ്ങൾ

### ബുൾബുൾ ക്ലബ്



കുട്ടികളുടെ ശാരീരികവും ബൗദ്ധികവും സാമൂഹികവും വൈകാരികവുമായ ദർശനത്തെ മുൻനിർത്തി സർ ബേഡൻ പൗവൽ ആരംഭിച്ച സംഘടനയാണ് ബുൾബുൾ ഇതിന്റെ 10 വയസിൽ താഴെയുള്ള കുട്ടികൾക്ക വേണ്ടിയുള്ള വിഭാഗമാണ് ബുൾബുൾ . എരവന്നൂർ എൽ പി എസ്സിൽ 4 വർഷമായി ബുൾബുൾ വളരെ നല്ല രീതിയിൽ പ്രവർത്തിച്ച വരുന്നു.. ആഴ്ചയിലെ ഓരോ ദിവസം വീതം കുട്ടികൾക്ക് ഇതുമായി ബന്ധപ്പെട്ട പരിശീലനം നൽകി വരുന്നു .24 കുട്ടികളുള്ള ബുൾബുൾ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. കുട്ടികളെ വിവിധ ക്യാമ്പുകളിൽ പങ്കെടുപ്പിക്കുകയും സ്കൂളിൽ നടക്കുന്ന വിവിധ ക്ലബ്ബിന്റെയും പ്രവർത്തനങ്ങളിലും സാമൂഹിക സേവന പ്രവർത്തനങ്ങളിലും ബുൾബുൾ കുട്ടികൾ നേതൃത്വം വഹിക്കുന്നു.

ഇതിനുവേണ്ടി ശ്രീമതി ഫാത്തിമത്തു സുഹറ ടീച്ചർ നേതൃത്വം നൽകുന്നു.

## സാമൂഹ്യശാസ്ത്ര ക്ലബ്

കുട്ടികളിൽ ചുറ്റുപാടും നടക്കുന്ന വിവിധ സാമൂഹിക പ്രവർത്തനങ്ങൾ കൂടുതൽ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുന്നത്

ഇതിൻറെ ഭാഗമായി വ്യത്യസ്തങ്ങളായ പരിപാടികൾ ഓരോ അധ്യായന വർഷവും നടത്തിവരുന്നുണ്ട്.

ജനാധിപത്യ വ്യവസ്ഥയുടെ അടിത്തറയായ തെരഞ്ഞെടുപ്പ് സംവിധാനം പരിചയപ്പെടുത്താനായി സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് ക്ലബ്ബിന്റെ കീഴിൽ വരുന്ന ആദ്യ പ്രവർത്തനമാണ്.

തെരഞ്ഞെടുപ്പിന്റെ എല്ലാവിധ ഘട്ടങ്ങളും മാതൃകയാക്കിയാണ് സ്കൂൾ ലീഡറെ കണ്ടെത്തുക.

ഫീൽഡ് ട്രിപ്പുകൾക്ക് ക്ലബ്ബിന്റെ സംഘാടനം വിലപ്പെട്ടതാണ്. വായനാദിനത്തോടനുബന്ധിച്ച് വായനശാല സന്ദർശനം,

പ്ലാനറ്റോറിയം സന്ദർശനം ,പാഠഭാഗത്തോടനുബന്ധിച്ച് ഫയർ സ്റ്റേഷൻ സന്ദർശനം,സ്കൂൾ പരിസരത്തുള്ള പൈതൃക സ്ഥലമായിട്ടുള്ള ക്ഷേത്രം, അയിറ്റട ഗുഹ സന്ദർശനം

വിവിധ പരിപാടികളോടെ സ്വാതന്ത്ര്യദിനാഘോഷം സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ കീഴിലാണ് സംഘടിപ്പിക്കുക. സ്വാതന്ത്ര്യ ചരിത്ര പ്രശ്നോത്തരിയും ദൃശ്യാവിഷ്കാരവും സ്വാതന്ത്രസമൃതി പ്രദർശനവും ദേശാഭിക്തിഗാനമത്സരം, പ്രസംഗമത്സരം, ചാർട്ട് നിർമാണ മത്സരം, കഥ പറയൽ മത്സരം എല്ലാം തുടങ്ങിയവ നടത്തു ന്നതും ക്ലബ് അംഗങ്ങൾ ആണ്.

നഷ്ടപ്പെടുന്ന പൈതൃക വസ്തുക്കളെ പരിചയപ്പെടുത്താനായി നാട്ടറിവ് ദിനത്തിൽ വിവിധങ്ങളായ ചരിത്രവസ്തുക്കളെ കുട്ടികൾക്ക് പരിചയപ്പെടുത്തുക.പണ്ടുകാലങ്ങളിൽ ഉപയോഗിച്ചിരുന്ന അടുക്കള ഉപകരണങ്ങൾ മെതിയടി, പറ , വെള്ളിക്കോൽ തുടങ്ങിയവയും കുട്ടികൾക്ക് നേരിട്ട് അവസരം ഒരുക്കുക.

കേരള പിറവി ദിനത്തിൽ കേരളത്തിൻറെ സാംസ്കാരിക ചരിത്രം വെളിപ്പെടുത്തുന്ന നിരവധി ചിത്രങ്ങളുടെപ്രദർശനം നടത്തുന്നത്.

## ഇംഗ്ലീഷ് ക്ലബ്

കുട്ടികളിൽ ഇംഗ്ലീഷിന്റെ പരിജ്ഞാനം വർദ്ധിക്കാൻ വേണ്ടിയാണ് സ്കൂളിൽ ഇംഗ്ലീഷ് ക്ലബ്ബ് തുടങ്ങിയത്. ദിവസേന കുട്ടികൾക്ക് പരിചിതമായ ഒന്ന് മുതൽ നാല് വരെ ക്ലാസിലെ കുട്ടികൾക്ക് അനുയോജ്യമായ ചെറിയ ചെറിയ വാക്കുകളാണ് കൊടുക്കാറുള്ളത്. **Animals,Birds, days, months,number name,** ഇത് പോലെ തരംതിരിച്ച വാക്കുകളാണ് നൽകാറുള്ളത്. ഇത് കുട്ടികൾ എഴുതി എടുത്ത് പഠിക്കാറുണ്ട്. ഇതിന്റെ കേട്ടെഴുത്ത് മത്സരവും നടത്താറുണ്ട്. കൂടാതെ ദിവസേന കുട്ടികൾ പറയുന്ന ചെറിയ **Hello talks** ഉം നൽകുന്നതും ഇംഗ്ലീഷ് ക്ലബ് ആണ്. എല്ലാ ക്ലാസിലെ കുട്ടികൾക്കും അവരുടെ ദൈനം ദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാക്യങ്ങളാണ് നൽകുക.

## സയൻസ് ക്ലബ്ബ്

കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ നടത്തി വരുന്ന ഒരു ക്ലബ്ബ് ആണ് സയൻസ് ക്ലബ്ബ്. നിവധി പരിപാടികൾ ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു.

ജൂൺ. 5 പരിസ്ഥിതി ദിനത്തോടെ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നു.

ലഹരി വിരുദ്ധ ദിനം, ചാന്ദ്ര ദിനം..മറ്റ നിരവധി ഫീൽഡ് ട്രിപ്പുകളും, ആവാസ വ്യവസ്ഥ നിരീക്ഷണവും സംരക്ഷണവും, പ്രകൃതി സംരക്ഷണം, ബോധവത്കരണ ക്ലാസുകൾ എന്നിങ്ങനെ അനേകം പ്രവർത്തനങ്ങൾ സയൻസ് ക്ലബ്ബ് അംഗങ്ങളായ വിദ്യാർത്ഥികൾ ചേർന്ന് നടത്തുന്നു. ഓരോ ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട പരിസര നടത്തവും ക്ലബ്ബിന്റെ കീഴിൽ നടത്തുന്നു. ആഴ്ചയിലും പരിസര ശുചിത്വം ഉറപ്പുവരുത്തുക, വ്യക്തി ശുചിത്വത്തെ കുറിച്ച് ബോധവാന്മാരാക്കുക, രോഗങ്ങളെ തടയാനുള്ള പ്രവർത്തനങ്ങൾ. ..എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

## ഗണിത ക്ലബ്ബ്

നിത്യജീവിതത്തിൽ കണക്കിന്റെ പ്രാധാന്യം എല്ലാവർക്കും അറിയാം. കണക്കിനെ രസകരവും എളുപ്പവും ആക്കിത്തീർക്കാൻ ഒരു കൂട്ടം വിദ്യാർത്ഥികൾ ചേർന്ന് ഗണിത ക്ലബ്ബ് മികച്ച രീതിയിൽ പ്രവർത്തിക്കുന്നു.

ഓരോ അധ്യായന വർഷത്തേക്കുമുള്ള ഗണിത പഠന ഉപകരണങ്ങൾ രക്ഷിതാക്കളും കുട്ടികളും ചേർന്ന് സ്കൂളിൽ ശില്പശാലയിലൂടെ നിർമ്മിക്കുന്നു.

അതോടൊപ്പം ഗണിത മേളകളും, മാത്സ് ഫെസ്റ്റ്. .എന്നിങ്ങനെ ലളിതമായി കണക്കിനെ കുട്ടികൾക്ക് താല്പര്യമുള്ളതാക്കുന്നു.

ഗണിത ലാബിലെ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പഠനം എളുപ്പമാക്കുന്നു

ഇത്തരത്തിൽ ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിലും പരിപാടികൾ നടത്തി വരുന്നു.

# പ്രവർത്തനങ്ങൾ-മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമത<br>ല | സാമ്പ<br>ത്തികം |
|---|---|---|---|---|
| **പ്രവർത്തനം 1**<br>കുട്ടികളിൽ സാഹിത്യ<br>അഭിരുചി വളർത്തുക. | പുസ്തകം<br>ലഘു വിവരണം പ്രദർശനം | ആഴ്ചയിൽ | | |
| **പ്രവർത്തനം 2**<br>എന്റെ പിറന്നാൾ പുസ്തകം<br>മികച്ച വായന ശീലം<br>വളർത്തുക. | പിറന്നാൾ പുസ്തകം<br>പദ്ധതിയിലൂടെ<br>ക്ലാസ് ലൈബ്രറിയിലേക്ക്<br>പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ –<br>മാർച്ച് | | |
| **പ്രവർത്തനം 3**<br>പത്രവായന<br>അർത്ഥപൂർണ്ണമായവായിക്ക<br>ാൻ കഴിയുന്നു | ഒരു ദിവസം ഒരു കുട്ടിക്ക് വായന | ജൂൺ –<br>മാർച്ച് | ക്ലാസ്<br>ടീച്ചർ | |
| **പ്രവർത്തനം 4**<br>റീഡേഴ്സ് തിയേറ്റർ<br>മികച്ച വായനാശീലം<br>വളർത്തുക. | ക്ലാസ് റൂം പ്രക്രിയയിൽ ഇതിന്റെ<br>സാധ്യത പ്രയോജനപ്പെടുത്തുക | | ക്ലാസ്<br>ടീച്ചർ | |
| **പ്രവർത്തനം 5**<br>അമ്മ ലൈബ്രറി<br>ആശയങ്ങൾ<br>വിവിധതരത്തിൽ<br>ആവിഷ്കരിക്കുന്നതിന് കഴിവ്<br>നേടുക | ചിത്രാവിഷ്കാരം | ജൂൺ –<br>മാർച്ച് | | |
| **പ്രവർത്തനം 6**<br>പാട്ടരങ്ങ്<br>കവിത ഈണത്തിലും<br>താളത്തിലും പാടി<br>അവതരിപ്പിക്കുന്നതിന്. | ഈണം കണ്ടെത്താം | ജൂൺ -മാർച്ച് | ക്ലാസ്<br>ടീച്ചർ | |

| | | | | |
|---|---|---|---|---|
| <u>പ്രവർത്തനം 7</u><br>**കവിത തയ്യാറാക്കാം**<br>**സർഗാത്മക രചനക്ക് അവസരം ഒരുക്കുക.**<br>**അക്ഷര ചിത്രങ്ങൾ ,**<br>**എന്റെ പദശേഖരം ,**<br>**ചിത്ര വായന കാർഡ് ,**<br>**ക്ലാസ് ലൈബ്രറി ,പുസ്തക ചർച്ച -വായനാക്കുറിപ്പ്** | **കവിത രചന**<br>**ഭക്ഷ്യമേള**<br>**പതിപ്പ് നിർമ്മാണം** | ജൂൺ -<br>മാർച്ച് | | |

പ്രവർത്തനങ്ങൾ-EVS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എന്റെ പരീക്ഷണക്കുറിപ്പ്<br><br>ശാസ്ത്ര പഠന താൽപര്യം വളർത്തുക<br><br>ശാസ്ത്രാവബോധം,ശാസ്ത്ര മനോഭാവം എന്നിവ വികസിപ്പിക്കുക | നിരീക്ഷണ കുറിപ്പ് തയ്യാറാക്കുക<br>പ്രകൃതി നടത്തം<br><br>ഒരു തൈ നടാം പോസ്റ്റർ നിർമ്മാണം<br>നിരീക്ഷണങ്ങൾ<br>പരീക്ഷണങ്ങൾ<br>ആവാസവ്യവസ്ഥ ശുചിത്വം | | | |

പ്രവർത്തനങ്ങൾ-ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം 1<br>ഗണിത ശില്പശാല<br>പ്രവർത്തനം 2<br>പലചരക്ക് കട വിവിധ അളവുകൾ ഉപകരണങ്ങൾ പരിചയപ്പെടുന്നു<br>പ്രവർത്തനം 3<br>ഗണിതകേളി അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കാൻ | രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ശില്പശാല സംഘടിപ്പിക്കുന്നു.<br>പലചരക്ക് കട ക്ലാസിൽ സംഘടിപ്പിക്കുന്നു.<br>ഗണിത കളികൾ<br>സംഖ്യകേളി<br>സംഖ്യ ചങ്ങല<br>സംഖ്യ പോക്കറ്റ്<br>ഗണിത ലാബ്<br>ഒറിഗാമി രൂപങ്ങൾ | | | |

# ENGLISH-ACTIVITY

| AIM | ACTIVITIES | TERM | TASK | FINANCE |
|---|---|---|---|---|
| Activitiy 1<br>English Assembly chance to English expression | Present English Assembly once a week | | | |
| Activity 2<br>English Diary<br>To improve English language reading and writing | write experience in each day in diary | June-March | | |
| Activity3<br>word pyramid | Sentence making with word together | June-March | Class Teacher | |
| Activity 4<br>English day<br>Hello English | Speaking English one day in the class.<br>Games,Action song,<br>Newspaper Reading,<br>rythamatic words,<br>picture description.Developing story. | | | |